അവർ ഈ കാര്യത്തിൽ വളരെ അനുകൂലമല്ലാത്ത ഒരു നിലപാട് എടുക്കുകയും മിനിമം എക്സ്പോർട്ട് പ്രൈസ് കുറയ്ക്കുകയും ചെയ്തു. ആ രീതിയിൽ കയർ വ്യവസായത്തിൽ പ്രതിസന്ധിയുണ്ടാക്കുന്നതിനുവേണ്ടി മാത്രമാണ് കേന്ദ്ര ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾമൂലം സാധിച്ചിട്ടുള്ളത്.

ശ്രീ. പിരപ്പൻകോട് മുരളി : സർ, കയർ തൊഴിലാളി ക്ഷേമനിധി നിർത്തലാക്കിയതിന്റെ ഫലമായി അത് എത്ര തൊഴിലാളി കുടുംബങ്ങളെ ബാധിക്കുമെന്ന് ഗവൺമെന്റ് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരെ മറ്റേതെങ്കിലും ക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീമതി സുശീലാ ഗോപാലൻ : സർ, നേരത്തെതന്നെ ഞാൻ പറഞ്ഞു കഴിഞ്ഞു. മുൻ കയർ തൊഴിലാളികൾ 45,000 ത്തിനു മുകളിലാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വെള്ളപ്പൊക്ക ഭീഷണി നേരിടുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ

5 (*34) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. എ. കണാരൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വെള്ളപ്പൊക്ക ഭീഷണി നേരിടുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് തുടർച്ചയായി വെള്ളപ്പൊക്കമുണ്ടാകുന്ന പ്രദേശങ്ങളെ സംബന്ധിച്ച് പഠനം നടത്തി വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ നാല് വർഷത്തിനിടയിൽ വെള്ളപ്പൊക്ക ഭീഷണി ചെറുക്കാനായി സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ; ഇതിനായി എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം പ്രദേശത്ത് വെള്ളപ്പൊക്ക ഭീഷണിക്കെതിരെ മുൻകരുതൽ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) വെള്ളപ്പൊക്ക ഭീഷണി ഒഴിവാക്കുന്നതിനായി നദികളിൽകൂടിയും തോടുകളിൽകൂടിയും കനാലുകളിൽകൂടിയും ജല നിർഗമനം എളുപ്പമാക്കുന്ന പ്രവർത്തികളാണ് ജലസേചന വകുപ്പ് പ്രധാനമായും ഏറ്റെടുത്ത് നടത്തി വരുന്നത്. ഇതിനായി താഴെ പറയുന്ന പ്രവൃത്തികളാണ് ചെയ്യുന്നത്.

1. ജലനിർഗ്ഗമനത്തിന് പ്രയാസം നേരിടുന്ന ഭാഗങ്ങളിൽ ജലാശയങ്ങളുടെ ആഴവും വീതിയും വർദ്ധിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കുക.
2. നദീമുഖങ്ങളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും മണ്ണും നീക്കം ചെയ്തും നദീമുഖങ്ങളുടെ വ്യാപ്തി വർദ്ധിപ്പിച്ചും കടലിലേയ്ക്കുള്ള നീരൊഴുക്ക് സുഗമമാക്കുക.
3. അമിതമായി കരയിടിച്ചിൽ ഭീഷണിയുള്ള പ്രദേശങ്ങളിൽ കരയുടെ സംരക്ഷണത്തിന് ജലാശയങ്ങളുടെ പാർശ്വങ്ങളിൽ സംരക്ഷണഭിത്തി കെട്ടുക, ഫ്ളഡ് ബണ്ടുകൾ നിർമ്മിക്കുക.

(ബി) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിവാരണത്തിനായി പഠനം നടത്തി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി സർക്കാർ അംഗീകാരത്തോടുകൂടി ഇപ്പോൾ നടപ്പിലാക്കി വരുന്നു. കോഴിക്കോട് നഗരത്തിലെയും എറണാകുളം നഗരത്തിലെയും വെള്ളപ്പൊക്ക നിവാരണത്തിനായി ഇതേ രീതിയിൽ പഠനം നടത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റവും അത്യാവശ്യമുള്ള പ്രദേശങ്ങളിൽ വെള്ളപ്പൊക്ക ഭീഷണി നേരിടുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം വെള്ളപ്പൊക്കം ഉണ്ടാകുന്ന നദികളെ സംരക്ഷിക്കുന്നതിനായി ഒരു സ്കീം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അതിൻപ്രകാരം നദികളുടെ തീര സംരക്ഷണത്തിനായി 35 സ്കീമുകൾ വിഭാവനം ചെയ്യുകയും അതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അനുമതിക്കായി കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ മൊത്തം അടങ്കൽ തുക 5079.50 ലക്ഷം രൂപയാണ്. സംസ്ഥാനബഡ്ജറ്റിൽ നിന്നും കഴിഞ്ഞ നാല് വർഷങ്ങളിൽ വെള്ളപ്പൊക്കനിവാരണത്തിനായി മൊത്തം 3650.34 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) താഴ്ന്ന പ്രദേശങ്ങളായ ചക്കുംകടവ്, ബംഗ്ലാദേശ് കോളനി, കോലി, കനോലി കനാലിന്റെ ഇരുകരകൾ, പുതിയാപ്പ്, വെട്ടിക്കുളം, വളപട്ടണം പുഴയുടെ താഴ്ന്ന പ്രദേശങ്ങൾ, കുപ്പം പുഴയുടെ തീരങ്ങൾ, മഞ്ചേശ്വരം, മുങ്ങോടി, കോയിപ്പടി, പേരക്കൈ, ബേക്കൽ, പള്ളിക്കര, പത്താഴമുണ്ട് ഡാം, തമ്പുരാൻകുണ്ട് ഡാം, പൂമല ഡാം, അതിനോടനുബന്ധപ്പെട്ട സമീപപ്രദേശങ്ങൾ, കിള്ളിയാർ, കരമനയാർ, വാമനപുരം നദി തുടങ്ങിയവയുടെ തീരപ്രദേശങ്ങളും സംസ്ഥാനത്തിന്റെ മറ്റ് താഴ്ന്ന പ്രദേശങ്ങളിലുമാണ് വെള്ളപ്പൊക്ക ഭീഷണി കൂടുതലായി കണ്ടുവരുന്നത്. ഇതിന് മുൻകരുതൽ നടപടിയായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വർഷകാലത്തിന് മുൻപുതന്നെ മഴ

LIBRARY ARCHIVES Kerala Legislative Assembly

വെള്ളം സുഗമമായി ഒഴുകിപ്പോകാൻ തടസ്സം ഉള്ള പ്രദേശങ്ങളിലെ തടസ്സങ്ങൾ നീക്കം ചെയ്തു. കൂടാതെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പട്ടണങ്ങളിലെ തോടുകളിൽക്കൂടിയുള്ള ജലനിർഗമനം സുഗമമാക്കത്തക്ക രീതിയിൽ അവയിൽ ഉള്ള മാലിന്യങ്ങൾ നീക്കം ചെയ്യുകയും ജലനിർഗമനത്തിനുള്ള വ്യാപ്തി വർദ്ധിപ്പിക്കുകയും നദികളിലെ തീരസംരക്ഷണ പ്രവൃത്തികൾ നടത്തുകയും ബണ്ടുകൾ നിർമ്മിക്കുകയും ചെയ്യുന്നു.

കടലാക്രമണ ഭീഷണി നേരിടുന്നതിന് നടപടി

6 (*35) ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ കഴിഞ്ഞ രണ്ടാഴ്ചയായി ഉണ്ടായ കാലവർഷത്തെ തുടർന്നുള്ള കടലാക്രമണ ഭീഷണി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) എങ്കിൽ ഇത് നേരിടുന്നതിനും തീരവാസികളുടെ സംരക്ഷണത്തിനുമായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം കടലാക്രമണ ഭീഷണികൾ നേരിടുന്നതിനായി എന്തെങ്കിലും മുൻകരുതൽ നടപടികൾ സ്വീകരിച്ചിരുന്നോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തുണ്ടാകാറുള്ള കടലാക്രമണ ഭീഷണി നേരിടുന്നതിന് സ്ഥിരമായ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശമുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കിലോമീറ്റർ ദൈർഘ്യത്തിൽ കടൽഭിത്തി കെട്ടിയിട്ടുണ്ട് ;

(എഫ്) തീരപ്രദേശത്തെ കടലാക്രമണ ഭീഷണി നേരിടുന്നതിനായി കേന്ദ്ര സർക്കാർ എന്തെങ്കിലും സഹായം നൽകിവരുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) ഇത് സംബന്ധിച്ച് എന്തെങ്കിലും ശുപാർശ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ സമീപനം എന്തെന്ന് വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) അടിയന്തിര സംരക്ഷണത്തിലേക്കായി മണൽചാക്ക് അടുക്കുകയും ആവശ്യം വേണ്ടിടത്ത് കരിങ്കൽച്ചിറ നിർമ്മിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly